"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്-നഗരകാര്യം-ജീവനക്കാര്യം-ശ്രീ.ആകാശ്.എം.എസ്-ന് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് നോഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.618/2026/LSGD തീയതി,തിരുവനന്തപുരം, 07-03-2026

പരാമർശം:-
1. സ.ഉ(പി) നം.15/2023/തസ്വഭവ തീയതി 10.02.2023.
2. സ.ഉ(സാധാ) നം.478/2023/തസ്വഭവ തീയതി 24.02.2023.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഉത്തരവ് നമ്പർ LSGD/PD/10356/2024-DEH2 തീയതി 23.11.2024
4. സ.ഉ(പി) നം. നം.11/2025/തസ്വഭവ തീയതി 20.02.2025
5. സ.ഉ(സാധാ) നം.675/2025/തസ്വഭവ തീയതി 11.03.2025
6. സ.ഉ(പി) നം.57/2025/തസ്വഭവ തീയതി 03.11.2025

**ഉത്തരവ്**

23.01.2023-ന് ചേർന്ന ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി (ഹയർ)യോഗത്തിൽ ശ്രീ.ആകാശ്.എം.എസ്-ന്റെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ ടിയാനെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷന് പരിഗണിച്ചിരുന്നില്ല. 23.01.2023-ലെ ഡിപിസി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2023-ലെ പ്രൊമോഷന് വേണ്ടി തയ്യാറാക്കിയ പരാമർശം (1) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ടിയാന്റെ ജൂനിയറായ ശ്രീമതി.രാഗിമോൾ.വി-യെ (ക്രമനമ്പർ4) ഉൾപ്പെടുത്തുകയും, പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക സ്ഥാനക്കയറ്റം നൽകുകയും ചെയ്തിരുന്നു.

2. ശ്രീ.ആകാശ്.എം.എസ്-ന്റെ മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിലെ പ്രൊബേഷൻ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (3) ഉത്തരവ് പ്രകാരം 14.11.2022-ൽ തൃപ്തികരമായി പൂർത്തികരിച്ചതായി പ്രഖ്യാപിച്ച സാഹചര്യത്തിൽ 06.02.2025-ൽ ചേർന്ന അഡ്ഹോക്ക് ഡിപിസി (ഹയർ) അർബൻ 2025 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച്, ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ആകാശ്.എം.എസ്-ന് പരാമർശം (5) പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ റെഗുലർ പ്രൊമോഷൻ നൽകി ഉത്തരവായിരുന്നു.

3. ശ്രീ.ആകാശ്.എം.എസ്-ന്റെ മുൻസിപ്പൽസെക്രട്ടറി III തസ്തികയിലെ പ്രൊബേഷൻ പരാമർശം (3) ഉത്തരവ് പ്രകാരം 14.11.2022 പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തികരിച്ചതായി പ്രഖ്യാപിച്ച സാഹചര്യത്തിൽ, ടിയാൾ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് നോഷണൽ പ്രൊമോഷൻ

അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകിയിരുന്നു. 23.01.2023-ലെ ഡിപിസി-തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പരാമർശം (1) സെലക്ട് ലിസ്റ്റിൽ ശ്രീ.ആകാശ്.എം.എസ്-ഉൾപ്പെടാൻ അർഹനായിരുന്നതിനാൽ 25.10.2025-ൽ ചേർന്ന അഡ്ഹോക്ക് ഡിപിസി (ഹയർ) 2025, ശ്രീ.ആകാശ്.എം.എസ്-അസിസ്റ്റന്റ് ഡയറക്ടർ തസ്തിയിലേയ്ക്ക് നോഷണൽ പ്രൊമോഷൻ ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സെലക്ട് ലിസ്റ്റ് പരിഷ്കരിച്ച് ശ്രീ.ആകാശ്.എം.എസ്-ന്റെ സ്ഥാനപ്രകാരം ടിയാന്റെ തൊട്ടടുത്ത ജൂനിയർക്ക് ടി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് തീയതി മുതൽ ടിയാന് നോഷണൽ പ്രൊമോഷൻ നൽകുന്നതിനായി തീരുമാനിക്കുകയും പരാമർശം (6) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ശ്രീമതി.സീന.എച്ച്(സീരിയൽനം.3)നും ശ്രീമതി രാഗിമോൾ.വി (സീരിയൽ നം.4)നും ഇടയിൽ ശ്രീ.ആകാശ്.എം.എസ്-നെ (സീരിയൽനം3A) ഉൾപ്പെടുത്തുകയും ചെയ്തു.

4. മേൽ സാഹചര്യത്തിൽ കെ.എസ്.ആർ. പാർട്ട്(1) റൂൾ 23(സി) പ്രകാരം നോഷണൽ പ്രൊമോഷന് ശമ്പളത്തിന്റെയും, അലവൻസുകളുടെയും കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ശ്രീ.ആകാശ്.എം.എസ്-ന് ടിയാന്റെ ജൂനിയറായ ശ്രീമതി രാഗിമോൾ.വി-യ്ക്ക് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയ പരാമർശം (2) സർക്കാർ ഉത്തരവ് തീയതിയായ 24.02.2023 പ്രാബല്യത്തിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് നോഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ആഡിറ്റ്), കേരളം, തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ.ആകാശ്.എം.എസ്, അസിസ്റ്റന്റ് ഡയറക്ടർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 07-03-2026 15:56:09
സെക്ഷൻ ഓഫീസർ